LIBRARY ARCHIVES Kerala Legislative Assembly

ദരിദ്ര ഗ്രാമീണ സ്ത്രീകൾക്ക് വരുമാനവും തൊഴിലും ലഭ്യമാക്കാൻ പദ്ധതി

78 (2527) **ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദരിദ്ര ഗ്രാമീണ സ്ത്രീകൾക്ക് വരുമാനവും തൊഴിലും ലഭ്യമാക്കുന്നതിന് കന്നുകാലി വളർത്തലിനും കോഴിവളർത്തലിനും മൃഗസംരക്ഷണ വകുപ്പുവഴി ധനസഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഒരു ഗ്രാമ പഞ്ചായത്തിൽ പ്രതിവർഷം 10 (പത്ത്) വനിതകൾക്കെങ്കിലും ധനസഹായം ലഭ്യമാക്കുന്ന തരത്തിൽ മൃഗസംരക്ഷണ വകുപ്പും ഗ്രാമ പഞ്ചായത്തുകളുമായി സഹകരിച്ച് ഇത്തരമൊരു പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കന്നുക്കുട്ടി പരിപാലന പരിപാടിയിലും വീട്ടുമുറ്റത്ത് കോഴി വളർത്തൽ പദ്ധതിയിലും ദരിദ്ര ഗ്രാമീണ സ്ത്രീകൾക്ക് വരുമാനം ലഭ്യമാക്കുന്നുണ്ട്. കന്നുക്കുട്ടി പരിപാലന പരിപാടി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിധവകൾക്കും വനിതാ കർഷകർക്കും മുൻതൂക്കം നൽകി 4 മുതൽ 6 മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികൾ സൗജന്യ നിരക്കിൽ തീറ്റ, ഇൻഷ്വറൻസ്, പ്രതിരോധ കുത്തിവയ്പ്പുകൾ, മരുന്നുകൾ മുതലായവ 32 മാസം അല്ലെങ്കിൽ ആദ്യ പ്രസവംവരെ ഏതാണോ ആദ്യം അതുവരെ നൽകിവരുന്നു. തീറ്റയുടെ വിലയുടെ 50% തുക കർഷകരിൽ നിന്നും 25% വകുപ്പിൽനിന്നും 25% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കണ്ടെത്തുന്നു. ഒരു കന്നുക്കുട്ടിക്ക് 3250 രൂപ മൃഗസംരക്ഷണ വകുപ്പിൽ നിന്നും സബ്സിഡി നൽകിവരുന്നു. വനിതാ സഹകരണ സംഘങ്ങൾവഴി 20 മുട്ടക്കോഴികൾ 5 കിലോ തീറ്റ, കോഴിക്കൂട് നിർമ്മിക്കുന്നതിന് 500 രൂപ, ആകെ 1550 രൂപ വീതം സഹായമായി നൽകിവരുന്നു.

മൂന്നാർ കേന്ദ്രീകരിച്ച് പഴം, പച്ചക്കറികളുടെ വിപണനകേന്ദ്രം തുടങ്ങുവാൻ നടപടി

79 (2528) **ശ്രീ. കെ. കെ. ജയചന്ദ്രൻ :** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ, വട്ടവട, മൂന്നാർ പഞ്ചായത്തുകളിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉൽപ്പന്നങ്ങളാകെ തമിഴ്നാട്ടിലെ വിവിധ മാർക്കറ്റുകളിലാണ് വിപണനം നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇടുക്കിയിലെ മൂന്നാർ കേന്ദ്രീകരിച്ച് ഇവയുടെ വിപണന കേന്ദ്രം സർക്കാർ ഉടമസ്ഥതയിൽ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ;